**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2644** **04-03-2025 - ൽ മറുപടിയ്ക്ക്**

**പ്രോസുമേഴ്സിന് നൽകാനുള്ള സെറ്റിൽമെന്റ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രോസുമേഴ്സ് നൽകിയ വൈദ്യുതിയുടെ സെറ്റിൽമെന്റ് തുക എല്ലാ പ്രോസുമേഴ്സിനും കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്താണെന്ന് വിശദമാക്കാമോ; | (എ) | 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രോസുമേഴ്സ് നൽകിയ വൈദ്യുതിയുടെ സെറ്റിൽമെന്റ് തുക ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ സമർപ്പിച്ചിട്ടുള്ള എല്ലാ പ്രോസ്യൂമേഴ്സിനും നൽകിയിട്ടുണ്ട്. കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ലാത്തതും രജിസ്റ്റേർഡ് പ്രോസ്യൂമേഴ്സ് മരണപ്പെട്ട സാഹചര്യത്തിൽ ഉടമസ്ഥാവകാശം മാറ്റാതിരുന്നതുമായ പ്രോസ്യൂമേഴ്സിനു മാത്രമാണ് തുക നൽകാനുള്ളത്. ശരിയായ അക്കൗണ്ട് വിവരങ്ങൾ നൽകുന്നതനുസരിച്ച് ടി തുക നൽകാൻ സാധിക്കുന്നതാണ്.<br><br>മേൽപ്പറഞ്ഞ കാരണങ്ങളാൽ 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 6,774 പ്രോസ്യൂമേഴ്സിനു തുക ലഭ്യമാക്കാനുണ്ട്. |
| (ബി) | മേല്പറഞ്ഞ വർഷങ്ങളിലെ തുക എത്ര പേർക്ക് വീതം കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; പ്രോസുമേഴ്സിന് നല്കേണ്ട തുകയോടൊപ്പം കെ.എസ്.ഇ.ആർ.സി കൊടുത്തു തീർക്കാൻ നിർദേശിച്ച സമയപരിധിക്കുശേഷമുള്ള കാലയളവ് കണക്കാക്കി നിയമപ്രകാരമുള്ള പലിശ കെ.എസ്.ഇ.ബി. നല്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രോസുമേഴ്സ് നൽകിയ വൈദ്യുതിയുടെ സെറ്റിൽമെന്റ് തുക ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ സമർപ്പിച്ചിട്ടുള്ള എല്ലാ പ്രോസ്യൂമേഴ്സിനും നൽകിയിട്ടുണ്ട്. കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമല്ലാത്തതും രജിസ്റ്റേർഡ് പ്രോസ്യൂമേഴ്സ് മരണപ്പെട്ട സാഹചര്യത്തിൽ ഉടമസ്ഥാവകാശം മാറ്റാതിരുന്നതുമായ പ്രോസ്യൂമേഴ്സിനു മാത്രമാണ് തുക നൽകാനുള്ളത്. ശരിയായ അക്കൗണ്ട് വിവരങ്ങൾ നൽകുന്നതനുസരിച്ച് ടി തുക നൽകാൻ സാധിക്കുന്നതാണ്.<br><br>മേൽപ്പറഞ്ഞ കാരണങ്ങളാൽ 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 6,774 പ്രോസ്യൂമേഴ്സിനു തുക ലഭ്യമാക്കാനുണ്ട്. |

| | | | |
|---|---|---|---|
| (സി) | സോളാർ അപേക്ഷയോടൊപ്പം സെക്ഷൻ ഓഫീസിൽ അടയ്ക്കുന്ന അപേക്ഷ ഫീസിന്റെ 80% തുക സോളാർ പ്ലാന്റ് പ്രവർത്തനസജ്ജമായതിന് ശേഷം പ്രോസുമേഴ്സ് ആവശ്യപ്പെടാതെ തന്നെ ഒരു മാസത്തിനുള്ളിൽ പ്രോസുമേഴ്സിന്റെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള വ്യവസ്ഥ ചെയ്യാമോ; വ്യക്തമാക്കുമോ? | (സി) | സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ തുക നിലവിലെ ചട്ടങ്ങൾ അനുസരിച്ച് തിരികെ നൽകേണ്ടതില്ല. എന്നാൽ നിലയം സ്ഥാപിക്കുന്നതിനായി അടയ്ക്കുന്ന രജിസ്ട്രേഷൻ തുകയുടെ 80%, നിലയം സ്ഥാപിക്കുന്നതിനായി അനുവദിച്ച സമയപരിധിക്കുള്ളിൽ കമ്മീഷൻ ചെയ്തുവെന്ന് ബോധ്യപ്പെടുകയും തുടർന്ന് പ്രസ്തുത പ്രൊസ്യൂമറിന്റെ ബാങ്ക് വിവരങ്ങൾ കെഎസ്ഇബി.എൽ.-ന് കൈമാറുകയും ചെയ്യുന്ന മുറയ്ക്ക് ഉപഭോക്താവിന് ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ